©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ഞായർ<br>Thiruvananthapuram,<br>Sunday | 2019 ജൂലൈ 07<br>07th July 2019<br>1194 മിഥുനം 22<br>22nd Mithunam 1194<br>1941 ആഷാഢം 16<br>16th Ashadha 1941 | നമ്പർ<br>No. | 1510 |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ജി) വകുപ്പ്

വിജ്ഞാപനം

നമ്പർ 4993/ലെഗ്.ജി2/2019/നിയമം.

*തിരുവനന്തപുരം, 2019 ജൂലൈ 6*
*1194 മിഥുനം 21*
*1941 ആഷാഢം 15.*

2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വിജയകുമാർ. റ്റി.,
*സ്പെഷ്യൽ സെക്രട്ടറി (നിയമം).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2019-ലെ 35-ാം നമ്പർ ഓർഡിനൻസ്

## 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ഓർഡിനൻസ്

പീഠിക.—2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് (2019-ലെ 22) 2019 മാർച്ച് 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 201-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം പ്രസ്തുത ഓർഡിനൻസ് 2019 ജൂലൈ 8-ാം തീയതി പ്രാബല്യത്തിലില്ലാതാകുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ ചില ഭേദഗതികളോടുകൂടി നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1986-ലെ 31-ാം ആക്റ്റും 2013-ലെ 24-ാം ആക്റ്റും 2015-ലെ 17-ാം ആക്റ്റും താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.— ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിനും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിനും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിനും (2015-ലെ 17) 3 മുതൽ 5 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31),—

(എ) 10-ാം വകുപ്പിൽ, (iii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iiiഎ) പരീക്ഷാ കൺട്രോളർ;";

(ബി) 13-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ രജിസ്ട്രാറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 13-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"13എ. പരീക്ഷാ കൺട്രോളർ.— (1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന, രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(2) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.";

(ഡി) 14-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന, രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ ഫൈനാൻസ് ആഫീസറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

4. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.— 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24),—

(എ) 32-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(6) രജിസ്ട്രാറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവന വ്യവസ്ഥകൾക്കും അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(7) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 33-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) പരീക്ഷാ കൺട്രോളറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവന വ്യവസ്ഥകൾക്കും അദ്ദേഹം അർഹനായിരിക്കുന്നതുമാണ്.

(6) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) 34-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ഫൈനാൻസ് ആഫീസർ സർവ്വകലാശാലയുടെ ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും നിയമിക്കേണ്ടതുമാണ്.

(1എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

5. <u>2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.</u>—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17),—

(എ) 16-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) രജിസ്ട്രാറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്. രജിസ്ട്രാറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(3എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ മൂന്നാമത്തെ വാക്യത്തിനു പകരം താഴെപ്പറയുന്ന വാക്യം ചേർക്കേണ്ടതാണ്, അതായത്:—

"ഫൈനാൻസ് ഓഫീസറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്.";

(ii) (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 18-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2) പരീക്ഷാ കൺട്രോളറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്. പരീക്ഷാ കൺട്രോളറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(2എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

6. <u>നിലവിലുള്ള രജിസ്ട്രാർമാരെയും പരീക്ഷാ കൺട്രോളർമാരെയും ഫൈനാൻസ് ഓഫീസർമാരെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.</u>—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലോ (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിലോ (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലോ (2015-ലെ 17) അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും മുകളിൽ പറഞ്ഞ ആക്റ്റുകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള സർവ്വകലാശാലകളിലെ നിലവിലുള്ള രജിസ്ട്രാർമാരോ പരീക്ഷാ കൺട്രോളർമാരോ ഫൈനാൻസ് ഓഫീസർമാരോ, അതതുസംഗതിപോലെ, അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ, അവയിലേതാണോ ആദ്യം, പൂർത്തിയാക്കിയിട്ടുള്ളിടത്ത് ഈ ഓർഡിനൻസിന്റെ പ്രാബല്യത്തീയതിയിലും അന്ന് മുതൽക്കും അവരുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ പൂർത്തിയാക്കിയിട്ടില്ലാത്ത രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർമാരുടെയോ സംഗതിയിൽ, അവർ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസോ അവയിൽ ഏതാണോ ആദ്യം അതുവരെ അവരുടെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്. മറ്റു വകുപ്പുകളിൽ നിന്ന് നിയമിക്കപ്പെട്ടതും അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവ് അല്ലെങ്കിൽ അൻപത്തിയാറ് വയസ് പൂർത്തിയാക്കിയിട്ടുള്ളതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗം ഒഴിഞ്ഞിട്ടുള്ളതുമായ രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർമാരുടെയോ സംഗതിയിൽ അവരുടെ മാതൃവകുപ്പിൽ ബാധകമായിട്ടുള്ള സേവന വ്യവസ്ഥകൾ സംബന്ധിച്ച നിയമം ബാധകമാക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് (2019-ലെ 22) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(3) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിലെ (2019-ലെ 21) 6-ാം വകുപ്പ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ വ്യവസ്ഥകളും പ്രസ്തുത ഓർഡിനൻസിലെ 10-ാം വകുപ്പിലെ പ്രത്യേക വ്യവസ്ഥയും പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസിലെ 3-ാം വകുപ്പ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31) വ്യവസ്ഥകളും ഈ ഓർഡിനൻസിലെ 6-ാം വകുപ്പിലെ പ്രത്യേക വ്യവസ്ഥയും പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പി. സദാശിവം,

*ഗവർണ്ണർ.*

**This is a digitally signed Gazette.**
**Authenticity may be verified through https://compose.kerala.gov.in/**

# GOVERNMENT OF KERALA

## Law (Legislation-G) Department

NOTIFICATION

No. 4993/Leg.G2/2019/Law. *Dated, Thiruvananthapuram, 6th July, 2019*
*21st Mithunam, 1194*
*15th Ashadha, 1941.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the University Laws (Amendment) (No. 2) Ordinance, 2019 (35 of 2019).

By order of the Governor,

VIJAYAKUMAR. T.,
*Special Secretary (Law).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ്" published under the authority of the Governor.]

**ORDINANCE No. 35 OF 2019**

THE UNIVERSITY LAWS (AMENDMENT) (No. 2) ORDINANCE, 2019

Promulgated by the Governor of Kerala in the Seventieth year of the Republic of India.

*AN*

*ORDINANCE*

*to amend the Cochin University of Science and Technology Act, 1986, the Thunchath Ezhuthachan Malayala University Act, 2013 and the A.P.J. Abdul Kalam Technological University Act, 2015.*

*Preamble.*—WHEREAS, the University Laws (Amendment) (No. 2) Ordinance, 2019 (22 of 2019) was promulgated by the Governor of Kerala on the 6th day of March, 2019;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature was published as Bill No. 201 of the Fourteenth Kerala Legislative Assembly and the same could not be introduced in, and passed by, the Legislative Assembly of the State of Kerala during its session which commenced on the 27th day of May, 2019 and ended on the 4th of July, 2019;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 8th day of July, 2019;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive with certain modifications;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1. *Short title and commencement.*—(1) This Ordinance may be called the University Laws (Amendment) (No. 2) Ordinance, 2019.

(2) It shall be deemed to have come into force on the 6th day of March, 2019.

2. *Acts 31 of 1986, 24 of 2013 and 17 of 2015 to be temporarily amended.*—During the period of operation of this Ordinance, the Cochin University of Science and Technology Act, 1986 (31 of 1986), the Thunchath Ezhuthachan Malayala University Act, 2013 (24 of 2013) and the A.P.J. Abdul Kalam Technological University Act, 2015 (17 of 2015) shall have effect subject to the amendments specified in sections 3 to 5.

3. *Amendment of Act 31 of 1986.*—In the Cochin University of Science and Technology Act, 1986 (31 of 1986),—

(a) in section 10, after item (iii), the following item shall be inserted, namely:—

"(iii a) the Controller of Examinations;";

(b) in section 13, for sub-section (1), the following sub-sections shall be substituted, namely:—

"(1) The Syndicate shall appoint a person selected by the Government from among a panel containing the names of two persons furnished by the Syndicate to the Government, as the Registrar of the University for a period of four years from the date on which he enters upon his office or till he completes the age of fifty-six years, whichever is earlier and on such terms and conditions as may be prescribed by the Statutes.

(1A) The person appointed as Registrar shall be eligible for re-appointment for one more period subject to the provisions in sub-section (1).";

(c) after section 13, the following section shall be inserted, namely:—

"13A. *The Controller of Examinations.*—(1) The Syndicate shall appoint a person selected by the Government from among a panel containing the names of two persons furnished by the Syndicate to the Government, as the Controller of Examinations of the University for a period of four years from the date on which he enters upon his office or till he completes the age

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

of fifty-six years, whichever is earlier and on such terms and conditions as may be prescribed by the Statutes.

(2) The person appointed as Controller of Examinations shall be eligible for re-appointment for one more period subject to the provisions in sub-section (1).

(3) The Controller of Examinations shall be a whole-time salaried officer of the University and shall exercise such powers and perform such duties as may be prescribed by the Statutes.";

(d) in section 14, for sub-section (1), the following sub-sections shall be substituted, namely:—

"(1) The Syndicate shall appoint a person selected by the Government from among a panel containing the names of two persons furnished by the Syndicate to the Government, as the Finance Officer of the University for a period of four years from the date on which he enters upon his office or till he completes the age of fifty-six years, whichever is earlier and on such terms and conditions as may be prescribed by the Statutes.

(1A) The person appointed as Finance Officer shall be eligible for re-appointment for one more period subject to the provisions in sub-section (1).".

4. *Amendment of Act 24 of 2013.*— In the Thunchath Ezhuthachan Malayala University Act, 2013 (24 of 2013),—

(a) in section 32, for sub-section (6), the following sub-sections shall be substituted, namely:—

"(6) The Registrar shall be appointed for a period of four years from the date on which he enters upon his office or till he completes the age of fifty-six years, whichever is earlier and he shall be entitled for the emoluments and other service conditions as may be prescribed.

(7) The person appointed as Registrar shall be eligible for re-appointment for one more period subject to the provisions in sub-section (6).";

(b) in section 33, for sub-section (5), the following sub-sections shall be substituted, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(5) The Controller of Examinations shall be appointed for a period of four years from the date on which he enters upon his office or till he completes the age of fifty-six years, whichever is earlier and he shall be entitled for the emoluments and other service conditions as may be prescribed.

(6) The person appointed as Controller of Examinations shall be eligible for re-appointment for one more period subject to the provisions in subsection (5).";

(c) in section 34, for sub-section (1), the following sub-sections shall be substituted, namely:—

"(1) The Finance Officer shall be a full time officer of the University and shall be appointed for a period of four years from the date on which he enters upon his office or till he completes the age of fifty-six years, whichever is earlier and on such terms and conditions as may be prescribed.

(1A) The person appointed as Finance Officer shall be eligible for re-appointment for one more period subject to the provisions in sub-section (1).".

5. *Amendment of Act 17 of 2015.*—In the A.P.J. Abdul Kalam Technological University Act, 2015 (17 of 2015),—

(a) in section 16, for sub-section (3), the following sub-sections shall be substituted, namely:—

"(3) The Registrar shall be appointed for a period of four years from the date on which he enters upon his office or till he completes the age of fifty-six years, whichever is earlier. The qualifications and experience for the purpose of selection of the Registrar shall be as approved by the Government.

(3A) The person appointed as Registrar shall be eligible for re-appointment for one more period subject to the provisions in sub-section (3 ).";

(b) in section 17,—

(i) for the third sentence in sub-section (1), the following sentence shall be substituted, namely:—

"The Finance Officer shall be appointed for a period of four years from the date on which he enters upon his office or till he completes the age of fifty-six years, whichever is earlier.";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) after sub-section (1), the following sub-section shall be inserted, namely:—

"(1A) The person appointed as Finance Officer shall be eligible for re-appointment for one more period subject to the provisions in sub-section (1).";

(c) in section 18, for sub-section (2), the following sub-sections shall be substituted, namely:—

"(2) The Controller of Examinations shall be appointed for a period of four years from the date on which he enters upon his office or till he completes the age of fifty-six years, whichever is earlier. The qualifications and experience for the purpose of selection of the Controller of Examinations shall be as approved by the Government.

(2A) The person appointed as Controller of Examinations shall be eligible for re-appointment for one more period subject to the provisions in sub-section (2).".

6. *Special provision regarding the existing Registrars, Controllers of Examinations and Finance Officers.*—Notwithstanding anything contained in the Cochin University of Science and Technology Act, 1986 (31 of 1986), the Thunchath Ezhuthachan Malayala University Act, 2013 (24 of 2013) and the A.P.J. Abdul Kalam Technological University Act, 2015 (17 of 2015) and the Statutes, Ordinances, Regulations, Orders or Rules made thereunder, on and from the date of commencement of this Ordinance, the existing Registrars or Controllers of examinations or Finance Officers, as the case may be, of the Universities constituted as per the above said Acts shall be deemed to have vacated their offices where they have completed a period of four years in their offices or have completed the age of fifty-six years whichever is earlier. In the case of the Registrars or Controllers of Examinations or Finance Officers who have not completed a period of four years in office or fifty-six years of age shall continue to hold office up to a period of four years or fifty-six years of age whichever is earlier. In the case of the Registrars or Controllers of Examinations or Finance Officers appointed from other Departments and who have completed a period of four years in their offices or have completed the age of fifty-six years and have vacated their offices by virtue of the provisions of this Ordinance, the law relating to the service conditions applicable in their parent departments shall be made applicable.

7. *Repeal and saving.*—(1) The University Laws (Amendment) (No. 2) Ordinance, 2019 (22 of 2019) is hereby repealed.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) Notwithstanding such repeal, anything done or any action taken under the Thunchath Ezhuthachan Malayala University Act, 2013 (24 of 2013) and the A.P.J. Abdul Kalam Technological University Act, 2015 (17 of 2015) as amended by the said Ordinance shall be deemed to have been done or taken under the Thunchath Ezhuthachan Malayala University Act, 2013 (24 of 2013) and the A.P.J. Abdul Kalam Technological University Act, 2015 (17 of 2015) respectively as amended by this Ordinance.

(3) Anything done or any action taken as per the provisions of the Cochin University of Science and Technology Act, 1986 as amended by section 6 of the University Laws (Amendment) Ordinance, 2019 (21 of 2019) and the Special provision in section 10 of the said Ordinance shall be deemed to have been done or taken as per the provisions of the Cochin University of Science and Technology Act, 1986 (31 of 1986) as amended by section 3 of this Ordinance and the Special provision in section 6 of this Ordinance.

P. SATHASIVAM,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/